**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.775 05.02.2020 -ലെ മറുപടിക്ക്**

## പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ള കുറ്റ, മോറക്കാല, പള്ളിമുകൾ കോളനികളിലെ കുടിവെള്ള പദ്ധതികൾ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമാണ് കുറ്റ, പള്ളിമുകൾ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളത്.<br>**കുറ്റ കോളനി:-** പ്രധാന പദ്ധതിയായ കുടിവെള്ള പദ്ധതിയിൽ, ടാങ്കും അനുബന്ധ പ്രവർത്തികളും നിർവ്വഹണ ഏജൻസിയായ KEL (കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) മുഖാന്തിരവും കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ ജലവിഭവ വകുപ്പ് മുഖാന്തിരവുമാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലേയ്ക്ക് തുക കൈമാറുന്നതിനുള്ള ബില്ല് സമർപ്പിച്ചിട്ടുണ്ട്. തുക കൈമാറുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.<br>**പള്ളിമുകൾ കോളനി** - ടി കോളനിയിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുകയും കുടിവെള്ള വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | കുറ്റ, പള്ളിമുകൾ കോളനികളിൽ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ